റിപ്പോർട്ടിൽ പ്രസ്തുത വിവരം കൂടി ഉൾപ്പെടുത്തുകയും ആയത് വകുപ്പുതല പ്രൊമോഷന് മാനദണ്ഡമാക്കുകയും വേണം എന്നും സംസ്ഥാന വിവരാവകാശ കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

2. 2005-ലെ വിവരാവകാശ നിയമത്തിലെ വകുപ്പ് 20 (1) പ്രകാരം പിഴ ചുമത്തപ്പെട്ട ഉദ്യോഗസ്ഥർ പിഴ ഒടുക്കുന്നതിനുമുമ്പ് തന്നെ സർവ്വീസിൽ നിന്നും വിരമിക്കുന്നപക്ഷം അവരിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള വ്യവസ്ഥ നിലവിലില്ല. ഈ വിഷയം കണക്കിലെടുത്ത് വിരമിച്ച ഉദ്യോഗസ്ഥരിൽ നിന്നും റവന്യൂ റിക്കവറി ആക്ട് പ്രകാരം പിഴ തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളാമോ എന്ന് പരിശോധിക്കുന്നതിനുള്ള ശുപാർശയും കമ്മീഷൻ നൽകിയിട്ടുണ്ട്.

വകുപ്പുതല പരീക്ഷകളിൽ വിവരാവകാശ നിയമം പാഠ്യവിഷയമാക്കണമെന്ന ശുപാർശയിന്മേൽ സർക്കാർ പി.എസ്.സി.-യുടെ സമഗ്രമായ അഭിപ്രായം തേടിയിരിക്കുകയാണ്.

വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തുന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതിന് നിയമത്തിൽ തന്നെ വ്യവസ്ഥകളുണ്ട്. ഇതുപ്രകാരം ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ പിഴയടക്കമുള്ള ശിക്ഷാ നടപടികൾ എടുത്തു വരുന്നുണ്ട്.

സർവ്വീസിൽ നിന്നും വിരമിച്ചതും പെൻഷന് അർഹതയില്ലാത്തതുമായ ഉദ്യോഗസ്ഥന്മാരിൽ നിന്നും റവന്യൂ റിക്കവറി ആക്ട് പ്രകാരം പിഴ ഈടാക്കുന്നതിനുള്ള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ നിർദ്ദേശം സർക്കാർ പരിശോധിക്കുകയും വിവരാവകാശനിയമ പ്രകാരം ചുമത്തുന്ന പിഴ, കേരള റവന്യൂ റിക്കവറി ആക്ടിലെ 71-ാം വകുപ്പിന്റെ പൊതുസ്വഭാവത്തിനും വ്യപ്തിക്കുമുള്ളിൽ വരുന്നതല്ല എന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ശുപാർശ സർക്കാർ നിരസിച്ചിട്ടുള്ളതുമാണ്.

## നെല്ലിയാമ്പതിയിലെ ഭൂമി കയ്യേറ്റങ്ങൾ

**6 (*726)** ശ്രീ. എ. കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. ചന്ദ്രൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനഭൂമിയായി 1909-ൽ പ്രഖ്യാപിക്കപ്പെട്ട നെല്ലിയാമ്പതിയിലെ തോട്ടങ്ങൾ പിന്നീട് ഏതെങ്കിലും ഘട്ടത്തിൽ സ്വകാര്യവ്യക്തികൾ അന്യായമായി കൈവശപ്പെടുത്തിയതായി അറിവുണ്ടോ ;

(ബി) നെല്ലിയാമ്പതിയിലെ അത്തരം ഭൂമി കയ്യേറ്റങ്ങളെല്ലാം അസാധുവാണെന്ന് സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതി റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയമവിരുദ്ധമായി കൈവശം വയ്ക്കുന്ന നെല്ലിയാമ്പതിയിലെ വനഭൂമികളെല്ലാം തിരിച്ചുപിടിക്കാൻ സാധ്യമായിട്ടുണ്ടോ ; അവശേഷിക്കുന്നുണ്ടെങ്കിൽ അവ ഏതൊക്കെ ; വിശദമാക്കാമോ ;

(ഡി) നെല്ലിയാമ്പതി വില്ലേജിലെ കരുണാ പ്ലാന്റേഷന് പാട്ടത്തിനു നൽകിയ 314.45 ഹെക്ടർ തോട്ടം പോബ്സ് എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ പേരിൽ കരം തീർക്കുന്നതിന് വനം വകുപ്പ് അനുമതി നൽകിയ തീരുമാനത്തിനെതിരെയുണ്ടായ ആക്ഷേപങ്ങൾ സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ ; അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഉണ്ടായിരുന്നു.

(സി) പൂർണ്ണമായും സാധിച്ചിട്ടില്ല. പാട്ടക്കരാർ ലംഘനം കണ്ടെത്തിയ ചെറുനെല്ലി എസ്റ്റേറ്റ് ലോവർ (278.08 ഏക്കർ), രാജാക്കാട് (288.85 ഏക്കർ), മോങ്ക് വുഡ് (232.82 ഏക്കർ), കാരപ്പാറ-എ (541.29 ഏക്കർ), കാരപ്പാറ-ബി (577.2 ഏക്കർ) എന്നീ എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദ് ചെയ്ത് തോട്ടം സർക്കാരിലേക്ക് ഏറ്റെടുക്കുവാൻ ഉത്തരവായെങ്കിലും തോട്ടത്തിന്റെ കൈവശക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ ഉത്തരവ് സമ്പാദിച്ചതിനാൽ തോട്ടങ്ങൾ സർക്കാരിലേക്ക് ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല. സ്റ്റേ ഉത്തരവ് നീക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പാട്ടക്കരാർ ലംഘനം ശ്രദ്ധയിൽപ്പെട്ട അലക്സാണ്ട്രിയ-എ (8 ബിറ്റ്-250 ഏക്കർ), അലക്സാണ്ട്രിയ-ബി (6 ബിറ്റ്-251.75 ഏക്കർ), ചന്ദ്രമല (186.06 ഏക്കർ), മോങ്ക് വുഡ് (65.23 ഏക്കർ), ബ്രൂക്ക് ലാന്റ് (250 ഏക്കർ), വിക്ടോറിയ(619.45 ഏക്കർ), ബിയാട്രീസ് (33.68 ഏക്കർ), പുലയംപാറ (1.27 ഏക്കർ), പോത്തുപാറ (150.49 ഏക്കർ), കുമ്പളക്കോട് (306.55 ഏക്കർ), മണലാരു (621.59 ഏക്കർ), മണലാരു (കൊച്ചിൻ എസ്റ്റേറ്റ്) (609.93 ഏക്കർ), കോട്ടയങ്ങാടി (305.56 ഏക്കർ), കരടിമല (222.78 ഏക്കർ), ലില്ലി (213.58 ഏക്കർ), ചന്ദ്രമല (9 ഏക്കർ), ചന്ദ്രമല (0.11 ഏക്കർ) എന്നീ 29 എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദ് ചെയ്ത് തോട്ടങ്ങൾ സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ചന്ദ്രമല എസ്റ്റേറ്റിന്റെ വടക്ക് ഭാഗത്തായി പുലയംപാറ പ്രദേശത്ത് സ്വകാര്യ വ്യക്തികൾ കയ്യേറിയ വനഭൂമി ഒഴിപ്പിക്കലിനെതിരെ കയ്യേറ്റക്കാർ കോടതിയുടെ സ്റ്റേ ഉത്തരവ് സമ്പാദിച്ചിട്ടുള്ളതിനാൽ ഒഴിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. സ്റ്റേ ഉത്തരവ് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അന്വേഷണം പുരോഗമിച്ചുവരുന്നു. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly